പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1754 5/12/2014- ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിൽ പേവിഷബാധയേറ്റ കന്നുകാലികൾക്ക് കുത്തിവയ്പ്പെടുത്ത കൊലപ്പെടുത്തിയ സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ: | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ രണ്ട് മാസത്തിനിടയ്ക്ക് പേപ്പട്ടിയുടെയും കീരിയുടെയും കടിയേറ്റ് എത്ര കന്നുകാലികൾ പേവിഷബാധ മൂലം ചത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ രണ്ട് മാസത്തിനിടയ്ക്ക് പേവിഷബാധ മൂലം 28 കന്നുകാലികൾ ചത്തിട്ടുണ്ട്. |
| ബി) കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ, നഷ്ടപരിഹാരം നൽകാനുള്ള നടപടി സ്വീകരിക്കുമോ; | ബി) നഷ്ടപരിഹാരം നൽകിയിട്ടില്ല. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതാണ്. |
| സി) കന്നുകാലികൾക്ക് പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പ് വ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | സി) ഇല്ല. നായ്ക്കളുടെ കടിയേറ്റ കന്നുകാലികൾക്ക് പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ്പ് നൽകിവരുന്നു. |
| ഡി) പേപ്പട്ടിയുടെ കടിയേറ്റ കന്നുകാലികൾക്ക് ചികിത്സ നൽകാതെ കുത്തിവയ്പ്പെടുത്ത അവയെ കൊല്ലാനുള്ള ഉത്തരവ് മൃഗസംരക്ഷണ വകുപ്പ് വെറ്ററിനറി ഡോക്ടർമാർക്ക നൽകിയിട്ടുണ്ടോ എന്ന വെളിപ്പെടുത്താമോ; | ഡി) പേപ്പട്ടിയുടെ കടിയേറ്റ കന്നുകാലികൾക്ക് ചികിത്സ നൽകാതെ കുത്തിവയ്പ്പെടുത്ത അവയെ കൊല്ലാനുള്ള ഉത്തരവ് മൃഗസംരക്ഷണ വകുപ്പ് വെറ്ററിനറി ഡോക്ടർമാർക്ക നൽകിയിട്ടില്ല. |

| | |
|---|---|
| ഇ) ഇല്ലെങ്കിൽ വെറ്ററിനറി ഡോക്ടർമാർ പേവിഷബാധയേറ്റ കന്നുകാലികൾക്ക് കത്തിവയ്പ്പെടുത്തു കൊലപ്പെടുത്തിയ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ? | ഇ) രോഗബാധയേറ്റ് അക്രമാസക്തമായ ഉരുക്കളെ ഉടമസ്ഥരുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ആവശ്യപ്രകാരം ദയാവധം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ